**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ഗ്രാമവികസന വകുപ്പിലെ ഉദ്യോഗസ്ഥർക്ക് സ്ഥാനക്കയറ്റം/ സ്ഥലംമാറ്റം നൽകിക്കൊണ്ട് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.2885/2018/ത.സ്വ.ഭ.വ** **തിരുവനന്തപുരം, തീയതി, 12.11.2018.**

---

പരാമർശം: 1) 04.04.2018-ലെ തസ്വഭവ-ഇആർഎ3/5/2018-തസ്വഭവ നമ്പർ വിജ്ഞാപനം.

2) 27.10.2018-ലെ തസ്വഭവ-ഇആർഎ3/172/2018-തസ്വഭവ നമ്പർ വിജ്ഞാപനം.

3) 31.10.2018-ലെ ഗ്രാമവികസന കമ്മീഷണറുടെ 14806/എസ്റ്റാ.എ1/2017/സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശത്തിലെ കത്ത് പ്രകാരം ഗ്രാമവികസന കമ്മീഷണർ നൽകിയ ശിപാർശയുടെ അടിസ്ഥാനത്തിൽ, ഗ്രാമവികസന വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ചുവടെ ചേർക്കുംവിധം സ്ഥാനക്കയറ്റങ്ങളും, നിയമനങ്ങളും, ഉടൻ പ്രാബല്യത്തിൽ, നൽകിക്കൊണ്ട് ഉത്തരവാകുന്നു.

1. 31.07.2018-ൽ ശ്രീ.പി. വിജയകുമാർ, അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ-II വിരമിച്ചതുമൂലമുണ്ടായ ഉണ്ടായ ഒഴിവിലേയ്ക്ക്, പരാമർശം (2) പ്രകാരമുള്ള സെലക്റ്റ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ഗ്രാമ വികസന വകുപ്പിലെ ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണറായ ശ്രീ. എൽ. പി. ചിത്തറിന് അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണറായി സ്ഥാനക്കയറ്റം നല്കി, ഗ്രാമ വികസന വകുപ്പിലെ അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ-II ആയി നിയമിക്കുന്നു. ശ്രീ. എൽ. പി. ചിത്തറിന് ശുചിത്വ മിഷനിൽ നിലവിലുള്ള അധിക ചുമതല തുടരുന്നതാണ്.

2. ശ്രീ. എൽ. പി. ചിത്തറിന് സ്ഥാനക്കയറ്റം നല്കിയ ഒഴിവിലേയ്ക്ക്, പരാമർശം (1) പ്രകാരമുള്ള ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർമാരുടെ സെലക്റ്റ് ലിസ്റ്റിൽ എട്ടാമതായി ഉൾപ്പെടുത്തിയിട്ടുള്ള ആലപ്പുഴ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്റ്റ് ഡയറക്ടർ ആയ ശ്രീ. കെ. ആർ. ദേവദാസിന് ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണറായി സ്ഥാനക്കയറ്റം നല്കി, ഗ്രാമ വികസന വകുപ്പിലെ ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ (എസ്റ്റാബ്ലിഷ്മെന്റ്) ആയി നിയമിക്കുന്നു.

3. ശ്രീ. കെ. ആർ. ദേവദാസിന് സ്ഥാനക്കയറ്റം നല്കിയ ഒഴിവിലേയ്ക്ക്, മലപ്പുറം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയായുള്ള അന്യത്രസേവനകാലാവധി കഴിഞ്ഞ് 25.10.2018 മുതൽ നിയമനത്തിനായി കാത്തുനിൽക്കുന്ന, ഡെപ്യൂട്ടി ഡെവലപ്മെന്റ് കമ്മീഷണർ ശ്രീമതി പ്രീതി മേനോനെ ആലപ്പുഴ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്റ്റ് ഡയറക്ടർ ആയി നിയമിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**പ്രീത കെ.എസ്.**

**ഡെപ്യൂട്ടി സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം.

ബന്ധപ്പെട്ട വ്യക്തികൾക്ക്. (ഗ്രാമവികസന കമ്മീഷണർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം/തൃശ്ശൂർ.

ജില്ലാ കളക്ടർ, തിരുവനന്തപുരം/ആലപ്പുഴ.

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം/ആലപ്പുഴ.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്. (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ